041251

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കർഷക പെൻഷൻ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (ആസൂത്രണം - ബി) വകുപ്പ്

സ.ഉ.(സാധാരണ) 1512 /2012/കൃഷി തീയതി, തിരുവനന്തപുരം.25.7.2012.

പരാമർശം:- (1) കൃഷി വകുപ്പ് ഡയറക്ടറുടെ 5.5.2012-ലെ റ്റി.കെ(1) 19043/2012 നമ്പർ കത്ത്.
(2) സഹകരണ സംഘം രജിസ്ട്രറുടെ 7.6.2012-ലെ സി.പി.(1) 20207/2012 നമ്പർ കത്ത്.
(3) കോടശ്ശേരി- എലിഞ്ഞിപ്ര സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ കത്ത്.

## ഉത്തരവ്

കർഷക പെൻഷൻ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന പെൻഷൻ സഹകരണ ബാങ്ക് വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം അപേക്ഷ ലഭിച്ചു. ഇക്കാര്യത്തിൽ കൃഷി വകുപ്പ് ഡയറക്റുടെ അഭിപ്രായം ആരായുകയുണ്ടായി.

കിസാൻ അഭിമാൻ പെൻഷൻ പദ്ധതിയിൽ നാഷണലൈസ്ഡ് ബാങ്കായ എസ്.ബി.റ്റി വഴി ഓൺ ലൈനായി കർഷകരുടെ സീറോ ബാലൻസ് അക്കൗണ്ടിലേയ്ക്കാണ് നിലവിൽ പെൻഷൻ തുക നൽകി വരുന്നതെന്നും സഹകരണ ബാങ്കുകൾക്ക് ഓൺലൈൻ സംവിധാനം നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ കർഷകരുടെ സമ്മതത്തോടുകൂടി സർവ്വീസ് സഹകരണ ബാങ്ക് വഴി പെൻഷൻ നൽകാവുന്നതാണെന്നും പരാമർശം (1) പ്രകാരം കൃഷി ഡയറക്കടർ അഭിപ്രായപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കർഷക പെൻഷൻ സഹകരണ ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കാൻ സമ്മതമുള്ള കർഷകർക്ക് അതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. ഇത് സംബന്ധിച്ച് തുടർ നടപടികൾ കൃഷി വകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. രാധകൃഷ്ണൻ,**
**അണ്ടർ സെക്രട്ടറി.**

**ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.**
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യവകുപ്പ്
സഹകരണവകുപ്പ്
ഐ & പി.ആർ.ഡി ( ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
**(കരുതൽ ഫയൽ/ഓഫീസ് കോപ്പി).**

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.